എന്നുള്ള കണക്കുകൂട്ടൽ ഉപേക്ഷിച്ച്, പരമ്പരാഗതമായി ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചുകൊണ്ട് ഒരു പ്രദേശത്തിന്റെ ആകമാനമുള്ള സമ്പദ്ഘടനക്ക് ഏറെ സഹായകമായിട്ടുള്ള ചിട്ടി സ്ഥാപനം നിലനിറുത്താൻ പര്യാപ്തമാകുന്ന ഒരു നിയമ ഭേദഗതി കൊണ്ടുവരാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മുൻകൈയെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലോചിച്ച് പരിഹാരം കാണുന്നതാണ്.

V. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

സംസ്ഥാന ഗവൺമെന്റിന്റെ മത്സ്യമേഖലാ വികസന പരിപാലന നയം

ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): സർ, മത്സ്യമേഖലയുടെ വികസനവും മത്സ്യത്തൊഴിലാളികളുടെ ക്ഷേമവും തൊഴിൽ സുരക്ഷയും സാമ്പത്തിക പുരോഗതിയും ഉറപ്പു വരുത്താനുതകുന്ന മത്സ്യ മേഖലാ വികസന പരിപാലനനയം ഈ സഭയിൽ സമർപ്പിക്കുന്നു.

ആഴക്കടൽ ഉൾനാടൻ മത്സ്യ ഉൽപ്പാദന വർദ്ധനവിലൂടെ നാടിന്റെ പുരോഗതിയും അതുവഴി 15 ലക്ഷത്തിലേറെ വരുന്ന മൽസ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും നന്മ വിഭാവനം ചെയ്യുന്ന ഈ നയരേഖയ്ക്ക് ജൂലൈ 7-ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. 18 മാസത്തോളം വിവിധ തലങ്ങളിൽ സമഗ്രമായി ചർച്ച ചെയ്തതിനു ശേഷമാണ് നയരേഖക്ക് അന്തിമ രൂപം നൽകിയത്. തീരദേശത്തെ എം.പി.-മാർ, എം.എൽ.എ.-മാർ, ത്രിതല പഞ്ചായത്തു പ്രസിഡന്റുമാർ, തൊഴിലാളി സംഘടനാ നേതാക്കൾ, ശാസ്ത്രജ്ഞർ, പൊതു പ്രവർത്തകർ, മറ്റു വിദഗ്ദ്ധർ, കയറ്റുമതി മേഖലയിൽ പ്രവർത്തിക്കുന്നവർ ഉദ്യോഗസ്ഥർ, മൽസ്യത്തൊഴിലാളികൾ എന്നിവരുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുകയും ആശങ്കകൾ ദൂരീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് രൂപീകരിക്കപ്പെട്ട കാബിനറ്റ് സബ്കമ്മിറ്റി നയരേഖ വിശദമായി പരിശോധിച്ചു. ഈ മേഖലയെ സംബന്ധിച്ച ഏറ്റവും സമഗ്രമായ ഈ നയരേഖ മൽസ്യത്തൊഴിലാളി സമൂഹവും അനുബന്ധ മേഖലകളും സ്വാഗതം ചെയ്യുമെന്നാണ് വിശ്വാസം മത്സ്യക്കൃഷിക്ക് സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്ന ഗ്രൂപ്പ് ഫാമിംഗ് നയരേഖ വിഭാവനം ചെയ്യുന്നു. സ്ത്രീകൾക്ക് പുതിയ സംരംഭം എന്ന നിലയിൽ അലങ്കാര മത്സ്യത്തിന്റെ ഉൽപ്പാദനത്തിനും വിപണനത്തിനും പുതിയ പദ്ധതി വയ്ക്കുന്നു. അനധികൃത അമിത നശീകരണ മത്സ്യബന്ധനരീതികൾ പൂർണ്ണമായും തടയും. വിദേശ ട്രോളറുകളുടെ പ്രവർത്തനം സംസ്ഥാനത്തിന്റെ സമുദ്രാതിർത്തിയിൽ പൂർണ്ണമായും നിരോധിക്കും. സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ചുകൊടുക്കുന്ന 'ടോട്ടൽ ഹൗസിംഗ് പദ്ധതി' നടപ്പിലാക്കും. മത്സ്യവകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിലുള്ള വിവിധ ഏജൻസികളുടേയും സ്ഥാപനങ്ങളുടേയും പ്രവർത്തനം ശക്തിപ്പെടുത്തും. നയരേഖയിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പ്രത്യേക മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കും.

(സംസ്ഥാന ഗവൺമെന്റിന്റെ മത്സ്യമേഖലാ വികസന പരിപാലനനയം സഭയുടെ മേശപ്പുറത്തുവച്ചു.)

VI. ധനകാര്യം

2004-05 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236/3 അനുസരിച്ചുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (₹)	മൂലധനം (₹)	റവന്യൂ (₹)	മൂലധനം (₹)	(₹)
(1)	(2)	(3)	(4)	(5)	(6)	(7)
XVII	വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം	12,50,70,09,000	6,31,00,000	25,01,40,19,000	12,62,00,000	25,14,02,19,000

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനി ഡിമാന്റിനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly